**വിദേശചികിത്സയ്ക്കുള്ള വിദേശ വിനിമയം റിലീസ്**
**ചെയ്യുന്നതിനുള്ള നടപടിക്രമം ഉദാരമാക്കുന്നു.**

സെപ്റ്റംബര്‍ 6, 2006

ഭാരതവാസികള്‍ക്ക് വിദേശചികിത്സയ്ക്ക് വേണ്ട വിദേശവിനിമയം യാതൊരുതടസ്സവും കാലതാമസവുമില്ലാതെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഭാരതത്തിനു പുറത്ത്, ചികിത്സയ്ക്ക് ഡോക്ടര്‍മാരുടെയോ ആശുപത്രിയുടെയോ മതിപ്പുചെലവ് പ്രസ്താവന ഇല്ലാതെ, അപേക്ഷകന്റെ ആവശ്യപ്രസ്താവനയുടെ അടിസ്ഥാനത്തില്‍ 50,000 യു എസ് ഡോളര്‍ വരെ വിദേശവിനിമയം നല്‍കാന്‍ അംഗീകൃത ഡീലര്‍മാര്‍ക്ക് അനുമതി നല്‍കിയിരിക്കുന്നു. അത്തരം വിദേശ വിനിമയം വാങ്ങാനുള്ള തുക ചെക്കായോ അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡെബിറ്റായോ നല്‍കണം എന്ന് മാത്രം.

ഇപ്പോഴത്തെ നിയമം അനുസരിച്ച് ഭാരതവാസികള്‍ക്ക് വിദേശ ചികിത്സയ്ക്ക് ആവശ്യമായ വിദേശവിനിമയം അംഗീകൃത ഡീലര്‍മാരില്‍ നിന്നും ലഭ്യമാണ്. എന്നാല്‍ ഒരു ഡോക്ടറില്‍ നിന്നോ ആശുപത്രിയില്‍ നിന്നോ ചികിത്സയ്ക്ക് വേണ്ടിവന്നേക്കാവുന്ന ചെലവിന്റെ മതിപ്പ് പ്രസ്താവന കൂടി അപേക്ഷകന്‍ സമര്‍പ്പിക്കണം.

ഭാരതനിവാസികളുടെ വിദേശവിനിമയ ഇടപാടുകള്‍ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും റിസര്‍വ് ബാങ്ക് പുനഃപരിശോധിച്ചു വരികയായിരുന്നു. നിലവിലുള്ള നടപടിക്രമങ്ങള്‍ ലളിതമാക്കുന്നതിനും ഉദാരമാക്കുന്നതിനും നിരവധി നടപടികള്‍ ഈയിടെ റിസര്‍വ് ബാങ്ക് കൈകൊണ്ടിട്ടുണ്ട്. ഈ ദിശയില്‍ ഒരു പടികൂടി മുന്നോട്ട് വയ്ക്കുന്നതിനാണ് വിദേശചികിത്സയ്ക്ക് ആവശ്യമായ വിദേശ വിനിമയം ലഭ്യമാക്കാനുള്ള നടപടികള്‍ ലളിതമാക്കുന്നത്.

പുതുക്കിയ നടപടിക്രമത്തിന്റെ മാര്‍ഗ്ഗനിര്‍ദ്ദേശം അംഗീകൃത ഡീലര്‍മാര്‍ക്ക് അയയ്ക്കുന്നുണ്ട്.

അല്‍പ്പനാ കില്ലാവാല
പൊതുകാര്യദര്‍ശി

പത്രക്കുറിപ്പ് 2002-2003/264